പഞ്ചായത്തുകളിലെ നിയോജക മണ്ഡലങ്ങളും നഗരസഭകളിലെ വാർഡുകളും നിർണ്ണയിക്കുന്നതിനും അവയുടെ അതിർത്തികൾ പുനർനിർണ്ണയിക്കുന്നതുമാണ് ഡി-ലിമിറ്റേഷൻ കമ്മിറ്റിയുടെ ചുമതലകൾ.

(സി) പഞ്ചായത്തുകളുടെ അംഗസംഖ്യ വർദ്ധനവുമൂലം ഉദ്ദേശം 1,58,35,000 രൂപ (ഒരുകോടി അമ്പത്തിയെട്ട് ലക്ഷത്തി മുപ്പത്തയ്യായിരം രൂപ മാത്രം) അധിക ചെലവ് പ്രതീക്ഷിക്കുന്നു. എന്നാൽ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഇപ്രകാരം അംഗസംഖ്യ വർദ്ധിപ്പിക്കുന്നതുമൂലം യാതൊരു അധികച്ചെലവും ഉണ്ടാകുന്നില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ്

30 [1716] *ശ്രീ. മത്തായി ചാക്കോ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2004-2005 വർഷത്തിൽ സർക്കാർ വകയിരുത്തിയിരുന്ന തുക എത്രയാണ്;

(ബി) ഈ തുകയിൽ സർക്കാർ അനുവദിച്ചതെത്രയാണെന്നും ബഡ്ജറ്റിൽ വകയിരുത്തിയ തുക പൂർണ്ണമായും അനുവദിക്കാതിരിക്കാൻ കാരണമെന്തെന്നും വെളിപ്പെടുത്തുമോ;

(സി) അനുവദിച്ച തുകയിൽ 2005 മാർച്ച് 31-നകം ചെലവഴിക്കാത്ത കാരണത്താൽ തിരിച്ചുപിടിച്ച തുക എത്രയാണെന്നു പറയുമോ?

ഉത്തരം

(എ) 1350 കോടി.

(ബി) 1168.53 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2004-2005-ൽ സർക്കാർ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ വിഭവ സമാഹരണത്തിൽ വന്ന കുറവുകാരണം പദ്ധതി അടങ്കലിൽ വെട്ടിക്കുറവ് വരുത്തിയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതത്തിൽ കുറവു വരുത്തിയതിനാലാണ് തുക പൂർണ്ണമായും അനുവദിക്കാതിരുന്നത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉപാധിരഹിത ഫണ്ട്

31 [1717] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം പദ്ധതിയുടെ മൊത്തം അടങ്കലിൽ പ്രാദേശിക സ്വയംഭരണ സർക്കാരുകൾക്ക് എത്ര ശതമാനം നീക്കിവെയ്ക്കപ്പെട്ടിട്ടുണ്ടായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly